(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എച്ച്. എൽ. എൽ.വഴി ഏതെല്ലാം പ്രവർത്തനങ്ങൾ പുറംകരാർവഴി നടപ്പാക്കുന്നുവെന്നറിയിക്കുമോ ; ഇതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(സി) പുറംകരാർവഴി നിയമനങ്ങൾ നടത്തുമ്പോൾ സംവരണ വ്യവസ്ഥ പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് കരാറിൽ നിലവിലുള്ള വ്യവസ്ഥ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനം**

**91 (6796)** ശ്രീ. എം. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം എത്രയാണ് ; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതു കാരണം സ്റ്റാഫ് നഴ്സുമാരുടെ നിയമനം അനിശ്ചിതമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ പി.എസ്.സി.-യോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 31-5-2014-ൽ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം 1456 ആണ്. 31-5-2014-ലെ കണക്ക് പ്രകാരം ആകെ 813 ഒഴിവുകൾ നിലവിലുണ്ട്.

(ബി) മുഴുവൻ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 11-5-2011 മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് നിയമനം സംസ്ഥാനതല റിക്രൂട്ട്മെന്റ് മുഖാന്തിരമാക്കിയിട്ടുണ്ട്. അപ്രകാരം സംസ്ഥാനതല റാങ്ക് പട്ടിക നിലവിലില്ലാത്തതാകുന്നു. സംസ്ഥാന തല നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ എത്രയും വേഗം നിയമന ശിപാർശ നൽകുവാൻ പി.എസ്.സി.-യോട് അപേക്ഷിച്ചിട്ടുണ്ട്.

**മരുന്നുകളുടെ ദൗർലഭ്യം**

**92 (6797)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ ആശുപത്രികളിൽ, അത്യാവശ്യ മരുന്നുകൾ ആവശ്യത്തിന് ലഭ്യമാകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മരുന്നുകളാണ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കുറവുള്ളത് ; വ്യക്തമാക്കാമോ ;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജീവിതശൈലിരോഗചികിത്സയ്ക്കുവേണ്ട മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവൻരക്ഷാ മരുന്നുകൾ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ജീവിതശൈലി രോഗങ്ങൾക്ക് വേണ്ട മരുന്നുകളുടെ ദൗർലഭ്യമാണ് ഉണ്ടായിരുന്നത്.

(സി) ആശുപത്രി മേധാവികൾ RSBY Fund വിനിയോഗിച്ചുകൊണ്ട് Local purchase ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മരുന്ന് ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുവദിച്ച ഒരുകോടി രൂപയിൽ നിന്ന് 7 ലക്ഷം രൂപയും ആലപ്പുഴ ജില്ലയ്ക്ക് നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അനുവദിച്ച 2 കോടി രൂപയിൽ 30 ലക്ഷം രൂപ ആലപ്പുഴ മെഡിക്കൽ കോളേജിന് നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അത്യാവശ്യ ജീവൻ രക്ഷാ മരുന്നുകൾ വാങ്ങുന്നതിനായി പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കോർപ്പറേഷനിൽ ലഭ്യമായ 176 ഇനം മരുന്നുകളിൽ അത്യാവശ്യമുള്ളവ ആശുപത്രിതലത്തിൽത്തന്നെ അടിയന്തരമായി വാങ്ങുന്നതിനുള്ള നിർദ്ദേശം 5-6-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 1856/2014/ആ.കു.വ പ്രകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ 2014-15 സാമ്പത്തിക വർഷത്തെ മരുന്നു സംഭരണത്തിനായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മരുന്നുകൾക്കുള്ള ഓർഡറുകൾ നൽകിയതിൽ 4-7-2014 വരെ 104-ഓളം മരുന്നുകൾ കോർപ്പറേഷന്റെ വെയർഹൗസുകളിൽ എത്തിച്ചേരുകയും അവ ആശുപത്രി കൾക്ക് വിതരണം നടത്തുകയുമുണ്ടായി. അതിൽ 31 ഇനം മരുന്നുകൾ 176-ന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവയാണ്. 2014 ജൂലൈ അവസാനത്തോടെ ആദ്യ ഷെഡ്യൂൾ പ്രകാരം ഓർഡർ ചെയ്ത മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിച്ചേരും.

**ജീവൻരക്ഷാ മരുന്നുകളുടെയും ഔഷധങ്ങളുടെയും വില നിയന്ത്രിക്കുന്നതിന് നടപടി**

**93 (6798)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻരക്ഷാ മരുന്നുകളുടെയും ഔഷധങ്ങളുടെയും വില നിയന്ത്രിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly